ലെ ഇതിലും അബദ്ധം വന്നോ ാം എന്നനുമാനിക്കുന്നതിൽ തെറെറാന്നു മില്ല. സെൻസസ് കമ്മിഷണർ നല്ല പഴുക്കവും തഴക്കവും സിദ്ധിച്ചിട്ടുള്ള ഒരാളും സജ്ജനസമ്മതനുമാണ്. എന്നിട്ടും തെറ്റു പറ്റി. അറിഞ്ഞും അറിയാതെയും പ്രമാദങ്ങൾ വരാം. സ്റ്റേറുമാനുവൽ നിരാക്ഷേപമായിരിക്കത്തക്കവിധത്തിൽ എഴുതി തീർക്കേണ്ട ഒന്നാണ്. അങ്ങിനെ ഒരു ഗ്രന്ഥം രചിക്കുന്നതിനു വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിറ്റിയെത്തന്നെ ഏർപ്പെടുത്തണം. മനുഷ്യർക്കു പ്രമാദങ്ങൾ വരികയെന്നുള്ളതു സാധാരണയാണ്. ഗവണ്മെൻറുതന്നെ പല സംഗതികളിലും തെറുകൾ തിരുത്തിയിട്ടുണ്ട്. അതിനാൽ സ്റ്റേറുമാനുവൽപോലെയുള്ള ഒരു പ്രസിദ്ധീകരണത്തിൽ ഭീമമായ പ്രമാദങ്ങൾ വന്നുപോകാതിരിക്കത്തവിധത്തിൽ ഗവണ്മെൻറു ദൃഷ്ടിപതിപ്പിക്കണമെന്നുള്ള എൻെറ അഭിപ്രായത്തെ പ്രകാശിപ്പിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

The damand was put to vote and carried.

The grant was made.

AYURVEDA.

Rao Bahadur Rajyasevanirata Dr. N. Kunjan Pillai: Sir, I beg to move for a grant not exceeding Rs. 3,200 for the payment of arrears of rent for the Ayurveda College and Pharmacy from Mithunam 1103 to Mithunam 1111. For the above period the rent has not been paid because, though provision was made for the purpuse in the Budgets of those years, the proprietor of the building was a minor and there was nobody to claim the rent. Consequently the provisions made in the Budgets lapsed. Now the proprietor has become a major and he has put in an application for the arrears of rent. The provision contained in the Budget for the current year will only suffice for the payment of rent for this year. Additional amount is therefore required to pay off arrears from Mithunam 1103 to Mithunam 1111.

The demand was put to vote and carried

The grant was made.

PUBLIC HEALTH AND SANITATION.

Mr. James Simpson: Sir, I beg to move for a grant not exceeding Rs. 6,500 for the continuance of the temporary hospitals and dispensaries opened in connection with the outbreak of malaria epidemic in the Neyyattinkara and Nedumangad taluks. As the House is well aware Government had to put up temporary hospitals and dispensaries in the malarial regions. The work has been carried

LIBRARY ARCHIVES Kerala Legislative Assembly

[Mr. James Simpson.]

on till the end of Vrischikam. It has now been decided to continue the work for six months more. For that purpose we require Rs. 6,500.

Mr. N. K. Padmanabha Pillai (*Neyyattinkara cum Nedumangad*) : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ച് രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. നെയ്യാറ്റിൻകര, നെടുമങ്ങാട് ഈ താലൂക്കുകളിൽ ഇപ്പോഴും മലമ്പനി വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇപ്പോൾ അവിടെയുള്ള ആശുപത്രി ഏതാനുംകാലത്തേക്കു മാത്രമേ അനുവദിച്ചിട്ടുള്ളൂ. വെള്ളൂരടയിൽ പനിയുള്ള ആറുമാസകാലത്തേക്കായി തുറന്നിരുന്ന ഡിസ്പെൻസറി ഇപ്പോൾ കാരക്കോണത്തുള്ള സാൽവേഷൻആർമിക്കു ഗ്രാൻഡ് കൊടുത്തു നടത്തിക്കയാണു് ചെയ്തുവരുന്നതു്. അതു ശരിയല്ല. മലമ്പനി അവിടെ ഒരു ഒഴിയാബാധയായിത്തീർന്നിരിക്കുന്നതിനാൽ കുന്നത്തുകാൽ, ചെമ്മൂരു് കള്ളിക്കാടു്, ആര്യനാടു് മുതലായ സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥിരമായിട്ടുതന്നെ സ്ഥാപിച്ചുകിട്ടണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. J. John Kattakayam : സർ,ഞാൻ ഈ ഡിമാൻഡിനെ പ്രതികൂലിക്കുന്നു. പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു ക്ലർക്കിനെ ഈയ്യിടെ തൊടുപുഴതാലൂക്കിൽ വാക്സിനേഷൻ ചെയ്യാനായിട്ടു് അയച്ചു. അവർ ചിലക്കു കുത്തിവച്ചതു് വലിയ മസൂരിയായിട്ടു ശുപാന്തരപ്പെട്ടു. ഉദ്ദേശിച്ചവർ ഇതുനിമിത്തം അമ്പരന്നുപോയി. ഇതിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയാണു്. ഞാൻ ഈ വിവരം അവിടത്തെ തഹശീൽദാരെ അറിയിച്ചിട്ടുണ്ടു്. അവിടത്തെ തഹശീൽദാർ ജനക്ഷേമകാംക്ഷിയും കൃത്യബോധമുള്ളവനും വളരെ യോഗ്യനുമാണു്. സംശയമുള്ളപക്ഷം ഒരു റിപ്പോർട്ടു വരുത്തിനോക്കി സൂക്ഷ്മാവസ്ഥമനസ്സിലാക്കാം. പുരുക്കത്തിൽ മസൂരിയില്ലാത്ത സ്ഥലത്തു് പബ്ലിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറുകാർ മസൂരിയുണ്ടാക്കി.

തൊടുപുഴ താലൂക്കു് മലമ്പനിയുടെ കേന്ദ്രമാണു്. അവിടത്തെ നിവാസികളിൽ ൯൫ ശതമാനവും മലമ്പനി പിടിപെട്ടവരാണു്. മലമ്പനി പിടിപെട്ടുകഴിഞ്ഞാൽ പിന്നീടു പ്ലീഹ അല്ലെങ്കിൽ പനിക്കണ്ട പിടിപെടും. അവിടെയുള്ളതിൽ ൯൫ ശതമാനം ജനങ്ങളും പനിക്കണ്ട ബാധിച്ചവരാണു്. ഇതു എന്റെ ചോദ്യത്തിനു ഗവണ്മെൻറിൽനിന്നും നൽകിയ മറുപടിയിൽതന്നെ വ്യക്തമായി പറഞ്ഞിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. കുറെക്കാലമായി അവിടെ കച്ചയിനാ കൊടുത്തുകൊണ്ടിരുന്നു. ഗവണ്മെൻറ് ഉത്തരതിരുവിതാംകൂറിനെക്കാൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതു് ദക്ഷിണതിരുവിതാംകൂറിലാണ്.

Mr. C. V. Chandrasekharan: On a point of order, Sir, this demand relates to the Neyyattinkara and Nedumangad taluks only.

President: He is doubting the efficacy of the methods adopted by the department.

Mr. J. John Kattakayam: ബഹുമാനപ്പെട്ട മെമ്പർ ഇതൊക്കെ പറയാതെ തന്നെ ഈ ഡിമാൻഡു നെയ്യാറ്റിൻകര, നെടുമങ്ങാട് ഈ താലൂക്കുകളെ സംബന്ധിക്കുന്ന സംഗതിയാണെന്നു എനിക്കറിയാം. എന്റെ താലൂക്കിലെ വിഷമതകളെക്കൂടി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടു വരുവാൻ ഞാൻ ശ്രമിക്കുകയാണു്. ഗവണ്മെൻറിന്റെ ശ്രദ്ധ എപ്പോഴും പതിയുന്നതു ദക്ഷിണ തിരുവിതാംകൂറിലാണു. ഏതുദ്യോഗസ്ഥന്മാർ വടക്കോട്ടു വന്നാലും തൊടുപുഴ വരികയില്ല. രാജ്യത്തിലെ ഭരണകേന്ദ്രം വഹിക്കുന്ന മേധാവികൾപോലും അവിടെ അടുത്ത കാലത്തെങ്ങും വന്നിട്ടില്ല. ദിവാൻജി അവർകളുടെ സാന്നിദ്ധ്യം ഞങ്ങൾ അപേക്ഷിച്ചാൽപോലും കിട്ടുകയില്ല.

President: It is not likely that the maladies in that locality will be solved by the method now proposed. It is somewhat irrelevant.

Mr. J. John Kattakayam: തൊടുപുഴ താലൂക്കിൽ ഒരു ആശുപത്രിപോലും ഇല്ല. തൊടുപുഴ താലൂക്കിനു കാഞ്ഞിരപ്പള്ളി താലൂക്കിന്റെ ഏഴിരട്ടി വ്യാസമുണ്ടു്. അതു തന്നെ വലിപ്പമില്ലാത്ത സമീപ താലൂക്കുകളിൽ നാലും അഞ്ചും ഡിസ്പെൻസറികളുണ്ടു്. ഇതിനുപുറമെ നിരവധി വൈദ്യശാലകളും ഉണ്ടു്. തൊടുപുഴ താലൂക്കിൽ വലിയ വൃക്ഷം പറഞ്ഞതിനുശേഷമാണു് ഒരു ഗ്രാൻറു വൈദ്യശാല ഏർപ്പെടുത്തിത്തന്നതു്. തൊടുപുഴ ഞാൻ താമസിക്കുന്ന സ്ഥലത്തുനിന്നും അടുത്തുള്ള ആശുപത്രിക്കു പോകണമെങ്കിൽ ൨൦ മൈൽ നടക്കണം. അതിനുതക്ക ഗതാഗതസൌകര്യമില്ല. അവിടെ ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരുന്നു. നെയ്യാറ്റിൻകര, നെടുമങ്ങാട് ഈ താലൂക്കുകളിൽ ആരോഗ്യപരമായി പ്രവർത്തിക്കുന്നതിനു് ഗവണ്മെൻറിന്റെ ദൃഷ്ടി ഏതു തരത്തിൽ പതിയുന്നുവോ അതുപോലെ മലമ്പനി കേന്ദ്രമായിരിക്കുന്ന ഞങ്ങളുടെ താലൂക്കിലും പതിയണമെന്നു് അഭ്യർത്ഥിക്കുന്നു. അനേകം പ്രാവശ്യം ഈ സംഗതി ഞാൻ തന്നെ ഇവിടെ പറഞ്ഞിട്ടുണ്ടു്. ഇതുവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. James Simpson: I do not wish to say anything further on this demand.

The demand was put to vote and carried.

The grant was made.

CURRENCY AND MINT.

President: The Financial Secretary may deal with the demand under Currency and Mint as well as the demand under Debt Heads together.

Rao Bahadur A. Rengasvami Aiyar: I beg to move for a grant of Rs. 1,700 under Currency and Mint and of Rs. 2,05,000 under Debt Head Advances for the minting of silver and copper coins.

The Silver coins now in circulation were minted in 1106 and no coins have been minted after that year. Government propose to mint additional silver coins costing Rs. 2,05,000.

Mr. M N. Paramesvaran Pillai: May I know when the Government entertained the idea of minting silver and copper coins ?

Rao Bahadur A. Rengasvami Aiyar: In November last year.

Mr. M. N. Paramesvaran Pillai: May I know whether the price of silver and copper has gone up now ?

Rao Bahadur A. Rengasvami Aiyar: The price is rising. We considered the question in November. On account of the European situation and the duty on silver the price of silver and copper is rising.

Mr. M. N. Paramesvaran Pillai: May I know whether Government have already entered into a contract in respect of this ?

Rao Bahadur A. Rengasvami Aiyar: We have already placed orders. The silver coins are proposed to be minted for us by the Birmingham Mint in accordance with previous practice. The copper coins will be minted here. We will get the Blanks from Birmingham.

Mr. K. P. Nilakanta Pillai (*Chirayinkil* cum *Nedumangad*): May I know whether local experts were consulted in regard to these coins ? (*Laughter.*)

Rao Bahadur A. Rengasvami Aiyar: No.

Mr. K. P. Nilakanta Pillai: What exactly is the amount of false coins current now ?

Rao Bahadur A. Rengasvami Aiyar: Government are aware that there is a large number of counterfeit coins in circulation. That is one of the reasons for minting additional coins. The fact that a large amount of counterfeit coins is in circulation shows that there is a demand for more coins. (*Laughter.*)

LIBRARY ARCHIVES Kerala Legislative Assembly